കമ്മീഷൻ ഓഫീസിൽ നിന്നും ജപ്തി നടപടികളിൽ നിന്നും പിൻവാങ്ങുന്നതിന് നിർദ്ദേശം നൽകിവരുന്നുണ്ട്.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 31-12-2007 വരെ, മത്സ്യ ബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് മത്സ്യ തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൻമേൽ തുടങ്ങിവച്ചതോ തുടർന്ന് വരുന്നതോ ആയ ജപ്തി നടപടികൾ ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് 31-12-2014 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ 16-1-2014-ലെ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ

153 (154) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനത്തിനിടയിൽ കാണാതായ മത്സ്യത്തൊഴിലാളികൾ എത്ര ; മരണപ്പെട്ടവർ എത്ര ;

(ബി) ഇതിൽ എത്ര പേരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുകയുണ്ടായി : ധനസഹായം ലഭിക്കാൻ അവശേഷിക്കുന്നവർ എത്ര ;

(സി) സഹായം നല്കുന്നത് സംബന്ധിച്ച ചട്ടത്തിൽ മാറ്റം വരുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ ; ഭേദഗതി ചെയ്ത പ്രകാരമുള്ള ചട്ടങ്ങൾ എന്ന് മുതൽ നിലവിൽ വരുകയുണ്ടായി ;

(ഡി) ഭേദഗതിയെ തുടർന്ന് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുതുക്കിയ ധനസഹായം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 49 മത്സ്യ തൊഴിലാളികളെ കാണാതായിട്ടുണ്ട്. 129 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 16 പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 4 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 12 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്.

(സി) ഈ സർകാർ അധികാരമേറ്റശേഷം ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകി വന്നിരുന്ന ധനസഹായം 7-12-2011 മുതൽ 2 ലക്ഷം രൂപയിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

3 ലക്ഷം രൂപയായും 17-12-2013 മുതൽ 3 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽ മരിച്ചാൽ മൃതദേഹം കണ്ടുകിട്ടിയില്ലെങ്കിൽ 7 വർഷം കഴിഞ്ഞു മാത്രമാണ് സാമ്പത്തിക സഹായം നൽകി വന്നിരുന്നത്. എന്നാൽ 7-6-2014-ലെ 8564/ബി3/13/മയുവ. നമ്പർ സർക്കുലർ പ്രകാരം കടലിൽ മത്സ്യബന്ധനത്തിനിടെ മത്സ്യത്തൊഴിലാളി അപകടം മൂലം കാണാതാകുമ്പോൾ പോലീസ് സ്റ്റേഷനിൽ ഫയൽ ചെയ്ത കേസ് പോലീസ് അന്വേഷിച്ച് ആൾ non traceable ആണെന്ന് റിപ്പോർട്ട് നൽകുന്നപക്ഷം പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വില്ലേജ് ഓഫീസറുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും കളക്ടർ/ആർ.ഡി.ഒ. ആളെ കാണ്മാനില്ലെന്ന റിപ്പോർട്ട് നൽകുന്നത് അനുസരിച്ച് ധനസഹായം അനുവദിച്ചുവരുന്നു. ഇപ്രകാരം ധനസഹായം ലഭിക്കുന്ന കുടുബാംഗങ്ങളിൽ നിന്ന് ഒരു ഇൻഡമിനിറ്റി ബോണ്ട് എഴുതി വാങ്ങുന്നതും, ഇവർ നൽകുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുമ്പോൾ അപകടം മൂലം കാണാതാകുന്ന വ്യക്തി തിരികെ വരുന്നപക്ഷം നൽകിയ ധനസഹായം വസൂലാക്കുന്നതുമാണ്. കൂടാതെ കളക്ടർ/ആർ.ഡി.ഒ. നൽകുന്ന സർട്ടിഫിക്കറ്റിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം കടലിൽ കാണാതായ മത്സ്യത്തൊഴിലാളി കുടുംബത്തിന് ധനസഹായം ലഭിക്കുന്നതിനായി മാത്രം നൽകുന്നത് എന്ന് പ്രത്യേകം രേഖപ്പെടുത്തി നൽകേണ്ടതാണ്.

(ഡി) 7-12-2011 മുതൽ 16-12-2013 വരെ 121 കുടുംബങ്ങൾക്കായി 3.69 കോടി രൂപയും, 17-12-2013 മുതൽ നാളിതുവരെ 26 കുടുംബങ്ങൾക്കായി 130 ലക്ഷം രൂപയും ധനസഹായം നൽകിയിട്ടുണ്ട്.

മിഷൻ 676-ൽ ഉൾപ്പെടുത്തിയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളും കടാശ്വാസവും

154 (155) ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി "മൽസ്യത്തൊഴിലാളി ക്ഷേമ പദ്ധതികളും കടാശ്വാസവും" എന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly